ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:20.11.2024**

## പ്രധാനവാർത്തകൾ

1). പാലക്കാട് വിധിയെഴുതുന്നു. ഉച്ചയോട് അടുക്കുമ്പോൾ വോട്ട് രേഖപ്പെടുത്തിയത് 25 ശതമാനത്തോളം പേർ. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മറ്റ് സംസ്ഥാനങ്ങളിലും വോട്ടെടുപ്പ് പുരോഗമിക്കുന്നു.

2). ഝാർഖണ്ഡിലെയും മഹാരാഷ്ട്രയിലെയും നിയമസഭാ തിരഞ്ഞെടുപ്പിൽ പോളിങ് ശതമാനം ഉയരുന്നു.

3). പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഗയാനയുടെയും ബാർബഡോസിൻറെയും പരമോന്നത ബഹുമതി.

4). മുൻ മന്ത്രിയും എംഎൽഎയുമായ ആൻറണി രാജു ഉൾപ്പെട്ട തൊണ്ടി മുതൽ കേസിൽ അന്വേഷണം നടത്തുന്നതിനെതിരെ സമർപ്പിച്ച ഹർജി സുപ്രീംകോടതി തള്ളി.

5. അർജൻറീന ഫുട്ബോൾ ടീം അടുത്ത വർഷം കേരളത്തിൽ എത്തുമെന്ന് മന്ത്രി വി അബ്ദുറഹിമാൻ.

6. വനിതാ ഹോക്കി - ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി - ഫൈനലിൽ ഇന്ത്യ ഇന്ന് ചൈനയുമായി ഏറ്റുമുട്ടും.

***********************************

RNU TVPM

## പ്രധാനമന്ത്രി -ആഹ്വാനം

നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്ര, ഝാർഖണ്ഡ് സംസ്ഥാനങ്ങളിലെയും ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ലോക്സഭാ -നിയമസഭാ മണ്ഡലങ്ങളിലെയും എല്ലാ വോട്ടർമാരോടും സമ്മതിദാനാവകാശം വിനിയോഗിക്കാൻ ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. യുവാക്കളും വനിതകളും ഉൾപ്പെടെ എല്ലാവരും വോട്ട് രേഖപ്പെടുത്താനായി മുന്നോട്ട് വരണമെന്ന് പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

**********************************

## പാലക്കാട് തിരഞ്ഞെടുപ്പ് - (ഇൻട്രോ)

ഉപ തിരഞ്ഞെടുപ്പ് നടക്കുന്ന കേരളത്തിലെ പാലക്കാട് നിയമസഭാ മണ്ഡലത്തിൽ ഉച്ചയോടടുക്കുമ്പോൾ പോളിങ് 25 ശതമാനത്തോട് അടുക്കുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലിമുത്ത് ചേരുന്നു......**

ഫൈസൽ..

ശക്തമായ ത്രികോണ മത്സരം നടക്കുന്ന പാലക്കാട്, ഓരോ വോട്ടും വളരെ നിർണ്ണായകമാണ്. വോട്ടിങ് സമയം ഏകദേശം പകുതി പിന്നിടുമ്പോൾ എങ്ങനെയാണ് മണ്ഡലത്തിലെ പൊതുവേയുള്ള പ്രതികരണം ?.

**(ഫൈസൽ വോയിസ്......................)**

നന്ദി ! ഫൈസൽ.

**********************************

RNU TVPM

## മഹാരാഷ്ട്ര തിരഞ്ഞെടുപ്പ്

നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന മഹാരാഷ്ട്രയിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ 18.14 ശതമാനം പോളിങ് രേഖപ്പെടുത്തി. മഹാരാഷ്ട്രയിൽ 288 നിയമസഭാ മണ്ഡലങ്ങളിൽ ഒറ്റഘട്ടമായാണ് വോട്ടെടുപ്പ് നടക്കുന്നത്. ബിജെപി, ശിവസേന, എൻ.സി.പി അജിത് പവാർ വിഭാഗം എന്നിവർ ഉൾപ്പെടുന്ന മഹായുതി സഖ്യവും കോൺഗ്രസും ശിവസേന ഉദ്ധവ് താക്കറെ വിഭാഗവും എൻ.സി.പി ശരദ് പവാർ വിഭാഗവും ചേരുന്ന മഹാ വികാസ് അഘാഡി സഖ്യവും തമ്മിലാണ് പോരാട്ടം. വൈകിട്ട് ആറ് മണിവരെയാണ് പോളിങ്. ഗഡ്-ചിരോളി, ഗോന്ധിയ, അമരാവതി തുടങ്ങി ഗോത്രവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ വോട്ടിങ് സുഗമമാക്കുന്നതിനായി കൂടുതൽ പോളിങ് സ്റ്റേഷനുകൾ സജ്ജീകരിച്ചിട്ടുണ്ട്. രണ്ട് ലക്ഷത്തിലേറെ പോലീസ് സേനാംഗങ്ങളെയും വിന്യസിച്ചിട്ടുണ്ട്. 4,136 പേരാണ് മത്സരരംഗത്തുള്ളത്.

RIUTVPM

***********************************

## ഝാർഖണ്ഡ് തിരഞ്ഞെടുപ്പ്

രണ്ടാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഝാർഖണ്ഡിൽ 11 മണി വരെ 31 ശതമാനത്തിലെറെ പേർ വോട്ട് രേഖപ്പെടുത്തി. 12 ജില്ലകളിലെ 38 മണ്ഡലങ്ങളാണ് ഇന്ന് വിധി എഴുതുന്നത്. വൈകിട്ട് അഞ്ച് മണിവരെയാണ് വോട്ടെടുപ്പ്. പ്രശ്നബാധിത ബൂത്തുകളായി കണക്കാക്കുന്ന 31 ഇടത്ത് നാല് മണിക്ക് വോട്ടെടുപ്പ് അവസാനിക്കും. നിർഭയമായി വോട്ട് രേഖപ്പെടുത്താൻ മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ വോട്ടർമാരോട് ആവശ്യപ്പെട്ടു.

***********************************

**ഝാർഖണ്ഡ് - 2**

ജാർഖണ്ഡിൽ, മുഖ്യമന്ത്രി ഹേമന്ത് സോറൻ, ഭാര്യ കൽപ്പന സോറൻ നിയമസഭാ സ്പീക്കർ രബീന്ദ്ര നാഥ് മഹ്തോ, സംസ്ഥാന ബിജെപി അധ്യക്ഷൻ ബാബുലാൽ മറാണ്ടി, പ്രതിപക്ഷ നേതാവ് അമർനാഥ് കുമാർ ബൗരി, AJSU അധ്യക്ഷൻ സുദേഷ് കുമാർ മഹ്തോ തുടങ്ങിയവർ ഇന്ന് ജനവിധി തേടുന്നു.

***********************************

**തിരഞ്ഞെടുപ്പ് - മറ്റ് സ്ഥലങ്ങൾ**

കേരളത്തിന് പുറമേ മൂന്ന് സംസ്ഥാനങ്ങളിലെ 14 നിയമസഭാ മണ്ഡലങ്ങളിലേക്കും ഇന്ന് ഉപതെരഞ്ഞെടുപ്പ് നടക്കുന്നുണ്ട്. ഉത്തരാഖണ്ഡിലെ ഒന്നും പഞ്ചാബിൽ നാലും, ഉത്തർപ്രദേശിൽ- 9 ഉം നിയമസഭാ മണ്ഡലങ്ങളിലാണ് ഇന്ന് വോട്ടെടുപ്പ്. എല്ലാ മണ്ഡലങ്ങളിലെയും വോട്ടെണ്ണൽ ശനിയാഴ്ചയാണ്.

***********************************

**തിരഞ്ഞെടുപ്പ് - പഞ്ചാബ്**

ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പഞ്ചാബിൽ ദേര ബാബ നാനാക്ക്, ചാബ്ബേവാൾ, ജിദ്ദേർബഹാ, ബർണാല എന്നീ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് നടക്കുന്നത്. നാല് മണ്ഡലങ്ങളിലുമായി ഇതുവരെ 29 ശതമാനത്തോളം പോളിംഗ് രേഖപ്പെടുത്തിയിട്ടുണ്ട്.

***********************************

**ഉത്തർപ്രദേശ് , ഉത്തരാഖണ്ഡ്**

ഉത്തർപ്രദേശിൽ - 9 മണ്ഡലങ്ങളിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. എല്ലാ മണ്ഡലങ്ങളിലുമായി ഇതുവരെ 21 ശതമാനത്തോളം പേർ വോട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്തരാഖണ്ഡിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന കേദാർനാഥ്

RAJU TVPM

നിയമസഭാമണ്ഡലത്തിൽ ഇതുവരെ 17.69 ശതമാനമാണ് വോട്ടിങ് നിരക്ക്.

**********************************

## ബൈ പോൾ

മഹാരാഷ്ട്രയിലെ നന്ദേഡ് ലോക് സഭാ മണ്ഡലത്തിലെ വോട്ടെടുപ്പും പുരോഗമിക്കുകയാണ്. 11 മണിവരെയുള്ള കണക്കുകൾ പ്രകാരം 12.59 ശതമാനം പോളിങ് രേഖപ്പെടുത്തി.

**********************************

## പ്രധാനമന്ത്രി - ഗയാന

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഗയാനയിലെത്തി. ബ്രസീലിൽ നടന്ന ജി-20 ഉച്ചകോടിയിൽ പങ്കെടുത്ത ശേഷമാണ് പ്രധാനമന്ത്രിയുടെ ഗയാന സന്ദർശനം. 1968- ന് ശേഷം ഒരു ഇന്ത്യൻ പ്രധാനമന്ത്രി നടത്തുന്ന ആദ്യ സന്ദർശനമാണിത്. മൂന്ന് ദിവസത്തെ സന്ദർശനത്തിനിടെ, ഗയാന പ്രസിഡൻറ് മുഹമ്മദ് ഇർഫാൻ അലിയുമായി ശ്രീ.മോദി ചർച്ച നടത്തും. രണ്ടാം കാരികോം-ഇന്ത്യ ഉച്ചകോടിയിൽ പങ്കെടുക്കുന്ന പ്രധാനമന്ത്രി കാരികോം അംഗരാജ്യങ്ങളിലെ നേതാക്കളുമായി കൂടിക്കാഴ്ചയും നടത്തും. ഗയാന പാർലമെൻറിനെയും ഇന്ത്യൻ പ്രവാസികളെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

**********************************

## പ്രധാനമന്ത്രി - പരമോന്നത ബഹുമതി

പ്രധാനമന്ത്രി നരേന്ദ്രമോദിയെ രാജ്യത്തെ പരമോന്നത ബഹുമതി നൽകി ആദരിക്കാനൊരുങ്ങി ഗയാനയും ബാർബഡോസും . ഇതോടെ പ്രധാനമന്ത്രിക്കു ലഭിക്കുന്ന അന്താരാഷ്ട്ര ബഹുമതികളുടെ എണ്ണം 19 ആയി.

**********************************

RNUTVPM

**<u>അർജൻറീന ഫുട്ബോൾ ടീം (ഇൻട്രോ)</u>**

അർജൻറീന ഫുട്ബോൾ ടീം അടുത്ത വർഷം കേരളത്തിൽ എത്തുമെന്ന് മന്ത്രി വി അബ്ദുറഹിമാൻ. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. മെസ്സി ഉൾപ്പെടെയുള്ള ടീമാകും എത്തുക. അർജൻറീന ടീം കൊച്ചിയിൽ പ്രദർശന മത്സരം കളിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

**(ഹോൾഡ് വോയിസ്...........)**

സംസ്ഥാന സർക്കാരിന്റെ പൂർണ നിയന്ത്രണത്തിലാകും മത്സരം നടത്തുകയെന്നും മന്ത്രി അറിയിച്ചു.

***********************************

**<u>ആൻറണി രാജു-സുപ്രീംകോടതി</u>**

മുൻ മന്ത്രിയും എംഎൽഎയുമായ ആൻറണി രാജു ഉൾപ്പെട്ട തൊണ്ടി മുതൽ കേസിൽ തുടർ നടപടിയാകാമെന്ന് സുപ്രീംകോടതി. ആൻറണി രാജു വിചാരണ നേരിടണമെന്നും ഒരു വർഷത്തിനുള്ളിൽ വിചാരണ പൂർത്തിയാക്കണമെന്നും സുപ്രീംകോടതി ഉത്തരവിട്ടു. ജസ്റ്റിസ് സി.ടി രവികുമാർ അധ്യക്ഷനായ ബെഞ്ചാണ് വിധി പറഞ്ഞത്. പുനരന്വേഷണത്തിനുള്ള ഹൈക്കോടതി ഉത്തരവിനെ ചോദ്യം ചെയ്യായിരുന്നു ശ്രീ ആൻറണി രാജുവിൻറെ ഹർജി.

***********************************

**<u>ആർ ബിന്ദു - കൊച്ചി</u>**

തെരഞ്ഞെടുപ്പുപോലുള്ള നിർണായക ഘട്ടങ്ങളിൽ കെട്ടിച്ചമച്ച കാര്യങ്ങൾ പ്രചരിപ്പിക്കുന്നത് മാധ്യമ വിശ്വാസ്യത തകർക്കുമെന്ന് മന്ത്രി ആർ ബിന്ദു. കൊച്ചി കേരള മീഡിയ അക്കാദമിയിൽ ബിരുദ സമ്മേളനവും മാധ്യമ അവാർഡ് സമർപ്പണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

RNUTVPM

കാപട്യങ്ങളിൽ അഭിരമിക്കുകയും ബഹുഭൂരിപക്ഷം ജനങ്ങളെയും ഉപഭോഗ സംസ്കാരത്തിലേക്ക് എത്തിക്കുകയുമാണ് പല കോർപ്പറേറ്റ് മാധ്യമങ്ങളും ചെയ്യുന്നത് എന്നും മന്ത്രി പറഞ്ഞു.

***********************************

**കൊല്ലം കോടതി - (ഇൻട്രോ)**

രാജ്യത്തെ ആദ്യ 24 X 7 ON കോടതിയുടെ പ്രവർത്തനങ്ങൾക്ക് കൊല്ലത്ത് തുടക്കം. പൂർണമായും കടലാസ് രഹിതമായാണ് മുഴുവൻസമയ പ്രവർത്തനനിരതമായ ഈ ഹൈബ്രിഡ് കോടതിയുടെ പ്രവർത്തനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ....**
**(വോയിസ്......)**

RNU TVPM

***********************************

**ശബരിമല**

ശബരിമലയിൽ തിരക്ക് വർദ്ധിക്കുന്നു. അഞ്ച് ദിവസം പിന്നിടുമ്പോൾ ദർശനത്തിന് നീണ്ട നിരയാണ് ദൃശ്യമാകുന്നത്. ശബരിമലയിൽ എത്തുന്ന കുട്ടികൾക്ക് പോലീസിൻറെ പ്രത്യേക സുരക്ഷാ സംവിധാനവും ഉണ്ട്. മല കയറാനെത്തുന്ന 10 വയസ്സിൽ താഴെയുള്ള കുട്ടികളുടെ കൈയ്യിൽ പേരും കൂടെയുള്ള മുതിർന്ന ആളിൻറെ മൊബൈൽ നമ്പരും രേഖപ്പെടുത്തിയ ബാൻഡ് കെട്ടിയാണ് വിടുന്നത്.

***********************************

## ജയിൽ ജീവനക്കാർ -സ്പോർട്സ് മീറ്റ്

ജയിൽ ജീവനക്കാരുടെ രണ്ടാമത് ഉത്തര മേഖല സ്പോർട്സ് മീറ്റ് നാളെ കണ്ണൂരിൽ ആരംഭിക്കും. കണ്ണൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം പരേഡ് ഗ്രൗണ്ടിൽ നടക്കുന്ന മീറ്റിൽ പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലെ 500-ഓളം ജീവനക്കാർ പങ്കെടുക്കും.

***********************************

## സന്തോഷ് ട്രോഫി - (ഇൻട്രോ)

സന്തോഷ് ട്രോഫി ഫൈനൽ റൗണ്ട് യോഗ്യതയ്ക്കായി ഗ്രൂപ്പിലെ ആദ്യ മത്സരത്തിൽ കേരളം ഇന്ന് റെയിൽവേസുമായി കളിക്കും. വൈകിട്ട് 3:30 ന് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.

**ആകാശവാണിക്ക് വേണ്ടി സുരേഷ് ബാബു നൽകുന്ന വിവരങ്ങൾ.....**

**(വോയിസ്.......)**

ഇന്ന് രാവിലെ നടന്ന മത്സരത്തിൽ ലക്ഷദ്വീപിനെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് പുതുച്ചേരി പരാജയപ്പെടുത്തി.

RNU TVPM

***********************************

## ഹോക്കി

ഹോക്കി - വനിതാ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി- ഫൈനലിൽ ഇന്ത്യ ഇന്ന് ചൈനയുമായി ഏറ്റുമുട്ടും. ബിഹാറിലെ രാജ്-ഗിറിലാണ് മത്സരം. ഇന്നലെ നടന്ന സെമിയിൽ ജപ്പാനെ എതിരില്ലാത്ത രണ്ട് ഗോളിന് തോൽപ്പിച്ചാണ് ആതിഥേയരായ ഇന്ത്യ ഫൈനലിൽ കടന്നത്. അതേസമയം, സെമിയിൽ മലേഷ്യയെ പരാജയപ്പെടുത്തിയാണ് ചൈനയുടെ ഫൈനൽ പ്രവേശനം.

***********************************

## ബാലാവകാശ ദിനം

ഇന്ന് ബാലാവകാശ ദിനം. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും സന്തോഷവും സമത്വവും ഉറപ്പുവരുത്താനുമാണ് ബാലാവകാശ ദിനം ആചരിക്കുന്നത്.

***********************************

## കണ്ണൂർ ഫുട്ബോൾ ടൂർണമെന്റ്

കണ്ണൂർ അഴീക്കോട് നിയോജക മണ്ഡലത്തിൽ ഇന്ന് സ്കൂൾ ഫുട്ബോൾ ടൂർണമെന്റിന് തുടക്കമാകും. നിയോജക മണ്ഡലത്തിലെ മുഴുവൻ സ്കൂളുകളും തമ്മിൽ ഫുട്ബോൾ ടൂർണമെൻറ് സംഘടിപ്പിക്കുന്നതിലൂടെ വിദ്യാർഥികളുടെ കായികക്ഷമത വർധിപ്പിക്കുകയാണ് ലക്ഷ്യമെന്ന് കെ.വി.സുമേഷ് എം.എൽ.എ പറഞ്ഞു.

***********************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 24-ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 116-ആം പതിപ്പാണിത്. myGov ഓപ്പൺ ഫോറത്തിലൂടെയും നമോ ആപ്പിലൂടേയും 18 00-11-78 00 എന്ന ടോൾ ഫ്രീ നമ്പറിലൂടേയും വെള്ളിയാഴ്ച വരെ ആശയങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കാം.

***********************************

## സി വിജിൽ - കൊച്ചി

കടൽ മാർഗ്ഗമുള്ള ഭീകരാക്രമണം തടയുന്നതിന്റെ ഭാഗമായി നാവികസേനയുടെ നേതൃത്വത്തിൽ നടത്തുന്ന സി- വിജിൽ 24 ഇന്നും നാളെയും കേരള - ലക്ഷദ്വീപ് തീരങ്ങളിൽ നടക്കും. വിവിധ സംസ്ഥാനങ്ങളിലെ തീരപ്രദേശങ്ങളിൽ ഭീകരാക്രമണം

RNU TVPM

സംബന്ധിച്ച പ്രതിരോധ സന്നദ്ധത ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

**********************************

**രാജ് നാഥ് സിങ് - ലാവോസ്**

രാജ്യരക്ഷാ മന്ത്രി രാജ്-നാഥ് സിങ് ചൈനീസ് പ്രതിരോധ മന്ത്രി ഡോങ് ജുന്നുമായി ഇന്ന് ലാവോസിൽ കൂടിക്കാഴ്ച നടത്തും. ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ യോഗത്തോടനുബന്ധിച്ചാണ് കൂടിക്കാഴ്ച. യഥാർത്ഥ നിയന്ത്രണ രേഖയിൽ നിന്നുള്ള സേനാ പിൻമാറ്റത്തിന് ശേഷം നടത്തുന്ന ആദ്യ കൂടിക്കാഴ്ചയായിരിക്കും ഇത്. യു.എസ്, ഓസ്ട്രേലിയ, ജപ്പാൻ, ലാവോസ്, മലേഷ്യ, ന്യൂസിലൻഡ്, ഫിലിപ്പീൻസ്, ദക്ഷിണ കൊറിയ എന്നീ രാജ്യങ്ങളിലെ പ്രതിരോധ മന്ത്രിമാരുമായും ശ്രീ രാജ്-നാഥ് സിങ് ഉഭയകക്ഷി ചർച്ചകൾ നടത്തും.

**********************************

**സ്വർണ്ണം**

സ്വർണ്ണവിലയിൽ വർദ്ധന. ഗ്രാമിന് 50 രൂപ കൂടി 7,115 രൂപയും പവന് 400 രൂപ ഉയർന്ന് 56,920 രൂപയുമാണ് ഇന്നത്തെ വില.

**********************************

**തീർത്ഥാടകൻ - മരണം**

ശബരിമലയിൽ ദർശനം കഴിഞ്ഞ് മടങ്ങിയ തീർത്ഥാടകൻ ഹൃദയാഘാതം മൂലം മരിച്ചു. ആന്ധ്രപ്രദേശ് നെല്ലൂർ സ്വദേശി ഇരുക്ക ബ്രഹ്മയ ആണ് മരിച്ചത്. 45 വയസ്സായിരുന്നു. മൃതദേഹം കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ.

**********************************

RNU TVPM

**<u>കോട്ടയം - അപകടം</u>**

കോട്ടയം പനച്ചിക്കാട് ബൈക്കും കാറും കൂട്ടിയിടിച്ച് ബൈക്ക് യാത്രക്കാരന് ദാരുണാന്ത്യം. പനച്ചിക്കാട് പഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ പ്രിയ മധുസൂധനൻറെ ഭർത്താവ് ചാന്നാനിക്കാട് പുളിവേലിൽ മധുസൂധനൻ നായരാണ് മരിച്ചത്. ഇന്നു രാവിലെ ഏഴുമണിയോടെയായിരുന്നു അപകടം. എതിർദിശയിൽ നിന്നും എത്തിയ കാർ ബൈക്കിൽ ഇടിയ്ക്കുകയായിരുന്നു.

**********************************

**<u>ഇ.എസ്.ഐ.സി</u>**

**<u>20 ലക്ഷത്തി 58 ആയിരം</u>** പുതിയ തൊഴിലാളികൾ സെപ്റ്റംബർ മാസത്തിൽ മാത്രം എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് പദ്ധതിയിൽ ചേർന്നതായി കേന്ദ്ര സർക്കാർ.

E.S.I.C പുറത്തുവിട്ട കണക്ക് പ്രകാരം കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് ഒൻപത് ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. ആകെ രജിസ്റ്റർ ചെയ്തവരിൽ 49 ശതമാനം വരുന്ന <u>10 ലക്ഷത്തി അയ്യായിരം</u> പേർ 25 വയസ്സിൽ താഴെ പ്രായമുള്ളവരാണ്.

RNU TVPM

**********************************

**<u>ന്യൂഡൽഹി-വായുഗുണനിലവാരം</u>**

വായു ഗുണനിലവാരം മോശം അവസ്ഥയിൽ തുടരുന്ന പശ്ചാത്തലത്തിൽ 50 ശതമാനം ജീവനക്കാർക്കും വർക്ക് ഫ്രം ഹോം നടപ്പാക്കാൻ ഡൽഹി സർക്കാർ തീരുമാനിച്ചു. ഈ നടപടി പ്രവർത്തികമാക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി മന്ത്രി ഗോപാൽ റായി ഇന്ന് ഒരു യോഗം വിളിച്ചിട്ടുണ്ട്.

അതേസമയം, രാജ്യ തലസ്ഥാനത്ത് വായുവിന്റെ

ഗുണനിലവാരം വളരെ മോശം അവസ്ഥയെ സൂചിപ്പിക്കുന്ന 427 ആണ് ഇന്ന് രേഖപ്പെടുത്തിയത്.

**********************************

**<u>കണ്ണൂർ ഫുട്ബോൾ - 2</u>**

കണ്ണൂർ ജില്ല ലീഗ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് വെള്ളിയാഴ്ച കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ ആരംഭിക്കും. ജില്ലയിലെ 56 ക്ലബുകൾ എട്ടു ഡി വിഷനുകളിലായി മത്സരിക്കുമെന്ന് ജില്ലാ ഫുട്ബോൾ അസോസിയേഷൻ ഭാരവാഹികൾ കണ്ണൂരിൽ അറിയിച്ചു.

**********************************

**<u>ചലച്ചിത്രമേള</u>**

55-ാമത് ഇന്ത്യ- അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് ഇന്ന് ഗോവയിൽ തിരിതെളിയും. ഉദ്ഘാടന ചടങ്ങിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായിഗോവ മുഖ്യമന്ത്രി പ്രമോദ് സാവന്ത് പറഞ്ഞു. ഈ വർഷത്തെ ചലച്ചിത്ര മേളയിൽ നിരവധി പുതിയ കാര്യങ്ങൾ ഉൾപ്പെടുത്തിയതായും ഇത് യുവ ചലച്ചിത്ര പ്രവർത്തകർക്കായി സമർപ്പിക്കുന്നുവെന്നും വാർത്താവിതരണ പ്രക്ഷേപണ സെക്രട്ടറി സഞ്ജയ് ജാജു പറഞ്ഞു. 100 രാജ്യങ്ങളിൽ നിന്നായി 400-ഓളം സിനിമകൾ മേളയിൽ പ്രദർശിപ്പിക്കുന്നുണ്ട്. ഈ മാസം 28 വരെയാണ് മേള.

**********************************

RNUTVPM

## പ്രധാന വാർത്തകൾ വീണ്ടും...

1). പാലക്കാട് വിധിയെഴുതുന്നു. ഉച്ചയോട് അടുക്കുമ്പോൾ വോട്ട് രേഖപ്പെടുത്തിയത് 25 ശതമാനത്തോളം പേർ. ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മറ്റ് സംസ്ഥാനങ്ങളിലും വോട്ടെടുപ്പ് പുരോഗമിക്കുന്നു.

2). ഝാർഖണ്ഡിലെയും മഹാരാഷ്ട്രയിലെയും നിയമസഭാ തിരഞ്ഞെടുപ്പിൽ പോളിങ് ശതമാനം ഉയരുന്നു.

3). പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഗയാനയുടെയും ബാർബഡോസിൻറെയും പരമോന്നത ബഹുമതി.

4). മുൻ മന്ത്രിയും എംഎൽഎയുമായ ആൻറണി രാജു ഉൾപ്പെട്ട തൊണ്ടി മുതൽ കേസിൽ അന്വേഷണം നടത്തുന്നതിനെതിരെ സമർപ്പിച്ച ഹർജി സുപ്രീംകോടതി തള്ളി.

5. അർജൻറീന ഫുട്ബോൾ ടീം അടുത്ത വർഷം കേരളത്തിൽ എത്തുമെന്ന് മന്ത്രി വി അബ്ദുറഹിമാൻ.

6. വനിതാ ഹോക്കി - ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി - ഫൈനലിൽ ഇന്ത്യ ഇന്ന് ചൈനയുമായി ഏറ്റുമുട്ടും.

പ്രാദേശിക വാർത്തകൾ കഴിഞ്ഞു.

**അടുത്ത വാർത്താ പ്രക്ഷേപണം 12.50 ന്.**

**********************************************************************************************

RNUTVPM